DESPATCHED
On 31/01/2020
16.1.20

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.221(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.829/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. കെ. ഭദ്രകുമാർ,
കൃഷ്ണ ഭവൻ,
കൊല്ലംകോണം,
വിളപ്പിൽശാല പി.ഒ.,
തിരുവനന്തപുരം – 695 573.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം,
വാട്ടർ സപ്ലൈ സെക്ഷൻ,
ആര്യനാട്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, വാട്ടർ സപ്ലൈ സബ് ഡിവിഷൻ,
നെടുമങ്ങാട്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03/10/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02/11/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12/12/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 16/01/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 22/01/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 25/01/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/03/2018 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/04/2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20/12/2019, 14/01/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായി – 20/12/2019 & 14/01/2020 |
| എസ്.പി.ഐ.ഒ. | ഹാജരായി – 14/01/2010 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.ഭദ്രകുമാർ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ 45 ദിവസങ്ങൾ കഴിഞ്ഞിട്ടും യാതൊരു വിവരങ്ങളും നൽകാത്തതിനാൽ 23.11.2017 തീയതി കമ്മീഷൻ മുമ്പാകെ പരാതി

സമർപ്പിച്ചിരുന്നു എന്നും ആ അവസരത്തിൽ ഹർജിക്കാരനോട് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു എന്നും അതിനെ തുടർന്ന് ടിയാൻ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആ അവസരത്തിൽ ആര്യനാട് സെക്ഷനിൽ നിന്നും അയച്ചു കിട്ടിയതാണെന്ന് കാണിച്ച് ഒരു കത്തിന്റെ ഫോട്ടോകോപ്പി യാതൊരു സാക്ഷ്യപ്പെടുത്തലുമില്ലാതെ ടിയാന് അയച്ചു നൽകി എന്നും മേൽപ്പടി ഫോട്ടോകോപ്പി പരിശോധിച്ചതിൽ അതിലെ രേഖപ്പെടുത്തലുകൾ വായിച്ചെടുക്കാൻ കഴിയാത്തവിധം അവ്യക്തമായിരുന്നു എന്നും കൂടാതെ ആയത് ടിയാൻ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടിയായിരുന്നില്ല എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ ആര്യനാട് സെക്ഷന്റെ കീഴിലുള്ള വി.പി.1/389/ഡി എന്ന നമ്പറിലുള്ള ഉപഭോക്താവാണെന്നും വാട്ടർ ചാർജ്ജിനത്തിലും അഡീഷണൽ ചാർജ്ജിനത്തിലും മറ്റും അധിക തുക ഈടാക്കുന്നതിനെതിരെ നീതിന്യായ അധികാര സ്ഥാപനങ്ങളിൽ ഹർജി ബോധിപ്പിക്കുന്നതിലേയ്ക്കായി താഴെ പ്രസ്താവിച്ചിരിക്കുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. വി.പി.1/389/ഡി എന്ന കൺസ്യൂമർ നമ്പറിലുള്ള വാട്ടർ മീറ്റർ പ്രവർത്തന രഹിതമായിരുന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നു മുതൽ എന്നുവരെയെന്നും പുതിയ വാട്ടർ മീറ്റർ സ്ഥാപിച്ച തീയതി നൽകണമെന്നും അതിനുശേഷമുള്ള സ്റ്റാറ്റസ് എന്താണെന്നും

ii. നമ്പർ 22158775 തീയതി 23.11.2016-ാം നമ്പർ ബിൽ പ്രകാരം ഈടാക്കിയിട്ടുള്ള വാട്ടർ ചാർജ്ജായ 768/- രൂപ ഏതു തീയതി മുതൽ ഏതു തീയതി വരെ എത്ര വെള്ളം ഉപയോഗിച്ചതിനാണെന്നും മേൽപ്പടി ബിൽ പ്രകാരം ഈടാക്കിയിട്ടുള്ള അഡീഷണൽ ചാർജ്ജായ 2167/- രൂപ ഏതു തീയതി മുതൽ ഏതു തീയതി വരെയുള്ളതാണെന്നും ആയത് ഏതു മാനദണ്ഡമനുസരിച്ചാണ് ഈടാക്കിയിട്ടുള്ളതെന്നും

iii. നമ്പർ 2346687 തീയതി 21.1.2017-ാം നമ്പർ ബിൽ പ്രകാരം ഈടാക്കിയിട്ടുള്ള വാട്ടർ ചാർജ്ജായ 1163/- രൂപ ഏതു തീയതി മുതൽ ഏതു തീയതി വരെ എത്ര വെള്ളം ഉപയോഗിച്ചതിനാണെന്നും മേൽപ്പടി ബിൽ പ്രകാരം ഈടാക്കിയിട്ടുള്ള അഡീഷണൽ ചാർജ്ജായ 1190/- രൂപ ഏത് തീയതി മുതൽ ഏതു തീയതി വരെയുള്ളതാണെന്നും ആയത് ഏത് മാനദണ്ഡമനുസരിച്ചാണ് ഈടാക്കിയിട്ടുള്ളതെന്നും മറ്റുമായി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ യാതൊരു മറുപടിയും ഒന്നാം എതിർകക്ഷി ലഭ്യമാക്കിയിട്ടില്ല എന്നും ആയത് നീതിനിഷേധമാണെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ആര്യനാട് വാട്ടർ സപ്ലൈസ് സെക്ഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 2.11.2017 തീയതി

KWA-ARD REV/2017 തീയതി 2.11.2017 പ്രകാരം മറുപടി നൽകിയിട്ടുള്ളതായി കാണുന്നു എന്നും മേൽപ്പടി മറുപടിയുടെ പകർപ്പ് ഹർജിക്കാരന് നൽകുന്നു എന്നുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ വിവരാവകാശ നിയമപ്രകാരമുള്ളതായിരുന്നില്ല എന്നും എന്നിരുന്നാലും മേൽപ്പടി വ്യക്തിയുടെ പരാതി പരിഗണിച്ച് 2.11.2017 തീയതി മറുപടി നൽകിയിരുന്നു എന്നും ആയതിന്റെ പകർപ്പ് റിപ്പോർട്ടിനോടൊപ്പം ഹാജരാക്കുന്നു എന്നും ഹർജിക്കാരൻ എതിർകക്ഷി ഓഫീസിലെ രേഖകൾ പ്രകാരം വി.പി1/389/ഡി നമ്പർ ഉപഭോക്താവ് അല്ല എന്നും ഹർജിക്കാരന് നൽകിയ മറുപടിയുടെ പകർപ്പ് ഒരിക്കൽ കൂടി ഹർജിക്കാരന് അയച്ചു നൽകിയിട്ടുള്ളതാണെന്നും വിവരാവകാശ ചട്ടപ്രകാരം വാട്ടർ അതോറിട്ടിയിൽ 10/- രൂപ ഒടുക്കി വിവരം ശേഖരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണെന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ ബോധിപ്പിച്ചത്, 2.11.2017 തീയതിയിലെ മറുപടി ഒന്നാം എതിർകക്ഷിയിൽ നിന്നും ലഭിച്ചിരുന്നില്ല എന്നും ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ആയത് ഹർജിക്കാരന് ഒന്നാം അപ്പീൽ അധികാരി അയച്ചു നൽകുകയാണുണ്ടായതെന്നും പരാമർശിത വാട്ടർ കണക്ഷൻ ടിയാന്റെ അച്ഛന്റെ പേരിലുള്ളതാണെന്നും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പിടാത്ത മറുപടി ലഭിച്ചതെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ കേരള വാട്ടർ അതോറിട്ടിയ്ക്ക് സ്വീകാര്യമായ അപേക്ഷാ ഫീസ് ഒടുക്കിയിരുന്നില്ല എന്നു കാണുന്നു. എന്നാൽ ആയത് വ്യക്തമാക്കി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല. ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമപ്രകാരമുള്ളത് അല്ല എന്നു അറിയിച്ചിരുന്നു എന്നാണ് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്. എന്നാൽ ആയത് വ്യക്തമാക്കി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല. അപ്രകാരം തന്നെ 2.11.2017 തീയതി ഒന്നാം എതിർകക്ഷി നൽകിയിരുന്നു എന്നവകാശപ്പെടുന്ന മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഓരോ ഇനം സംബന്ധിച്ചും വ്യക്തമായ വിവരങ്ങൾ നൽകിയിരുന്നില്ല എന്നും കാണുന്നു. മേൽപ്പടി വീഴ്ചകൾ വിവരാവകാശ നിയമപ്രകാരം ഗുരുതരമാകയാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്കു കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള അന്തിമ ശിക്ഷാഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു

ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ നൽകാത്തതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തവും പൂർണ്ണവുമായി ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ടെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഓരോ ഇനം സംബന്ധിച്ചും നിലവിലെ ഒന്നാം എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ ഹർജിക്കാരന് നൽകണമെന്നും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സൗജന്യമായി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 16 –ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us